**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1157** **10-08-2023 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് ഡിജിറ്റൽ മീറ്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പഴയ വാട്ടർ മീറ്ററുകൾ മാറ്റി പുതിയ സ്മാർട്ട് ഡിജിറ്റൽ മീറ്ററുകൾ സ്ഥാപിക്കുന്നതിന്റെ പൂർത്തീകരണം ആയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി കൊച്ചി നഗരത്തിൽ പഴയ വാട്ടർ മീറ്ററുകൾ മാറ്റി പുതിയ സ്മാർട്ട് ഡിജിറ്റൽ മീറ്ററുകൾ സ്ഥാപിക്കുന്നതിന്റെ പൂർത്തീകരണം ഭാഗികമായി നടപ്പിലാക്കിയിട്ടുണ്ട്. 502 സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്ന പ്രവൃത്തി 11.09.2021 ൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. പക്ഷെ മീറ്ററിന്റെ പ്രവർത്തനക്ഷമതയിൽ പരാതികൾ ലഭിച്ചതിനാൽ സ്ഥല പരിശോധന നടത്തി പ്രവർത്തനരഹിതമായ 238 മീറ്ററുകളിൽ 20 മീറ്ററുകൾ കരാറുകാരൻ മാറ്റി സ്ഥാപിച്ചിരുന്നു. ബാക്കി മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്ന നടപടി കരാറുകാരൻ മുഖേന സ്വീകരിച്ചു വരുന്നു.<br><br>കേരള വാട്ടർ അതോറിറ്റിക്കു കീഴിൽ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി പൈലറ്റ് സ്റ്റഡി എന്ന നിലയിൽ തിരുവനന്തപുരം നഗരത്തിലെ പല വാർഡുകളിലായി ഒരു നിശ്ചിത ഉപഭോഗത്തിനു മുകളിലുള്ള ഉപഭോക്താക്കൾക്ക് രണ്ടു ഘട്ടങ്ങളിലായി 6080 സ്മാർട്ട് മീറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത മീറ്ററുകൾ സ്ഥാപിച്ചതിനുശേഷം കേടായാൽ ആയത് മാറ്റാൻ ഉപഭോക്താവ് ചെലവ് വഹിക്കേണ്ടതുണ്ടോയെന്ന് വിശദമാക്കാമോ? | (ബി) | ഇക്കാര്യത്തിൽ നിലവിൽ തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ